തീർപ്പാക്കാതെ കിടക്കുന്ന കേസ്സുകൾ

12 (*162) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ .എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ കോടതികളിൽ ദശലക്ഷക്കണക്കിന് കേസ്സുകൾ കെട്ടിക്കിടക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ഭീമമായ തോതിലെ കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കാതെ കിടക്കുന്നതുമൂലമുള്ള സാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക പ്രത്യാഘാതങ്ങൾ പരിശോധിക്കപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ പരിഹാരമുണ്ടാക്കുന്നതിനുള്ള നിർദ്ദേശമെന്തെങ്കിലും പരിഗണനയിലുണ്ടോ; എങ്കിൽ അത് ഏതുവിധത്തിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും, അതിന്റെ ഫലപ്രാപ്തി സംബന്ധിച്ചും വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 31-12-2015-ലെ കണക്ക് പ്രകാരം ഹൈക്കോടതിയിൽ 157369 കേസ്സുകളും കീഴ് കോടതികളിൽ 1345127 കേസ്സുകളും തീർപ്പാക്കാനുണ്ട്. കോടതികളിൽ കേസ് തീർപ്പാക്കുന്നതിന് ഒഴിച്ചുകൂടാനാകാത്ത കാലതാമസം, കൂടാതെ വർദ്ധിച്ചുവരുന്ന വ്യവഹാരങ്ങളുടെ എണ്ണവും കേസ്സുകൾ തീർപ്പാകാതെ കിടക്കുന്നതിന് കാരണമാണ്. കെട്ടിക്കിടക്കുന്ന കേസ്സുകൾ ദ്രുതഗതിയിൽ തീർപ്പാക്കുന്നതിനും പൊതുജനങ്ങൾക്ക് ആയതുമൂലം ബുദ്ധിമുട്ടനുഭവിക്കാതിരിക്കാനുമായി ഈ സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജുഡിഷ്യറിയുടെ പ്രസക്തി കണക്കിലെടുത്ത് സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് തസ്തികകൾ ഉൾപ്പെടെ കോടതികൾ ആരംഭിക്കുകയും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

1. താൽക്കാലിക അടിസ്ഥാനത്തിൽ ആരംഭിച്ച 38 അതിവേഗ കോടതികളെ സ്ഥിരം കോടതികളാക്കി.
2. തസ്തികകൾ ഉൾപ്പെടെ 10 കുടുംബകോടതികൾ ആരംഭിച്ചു.
3. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങളും കുറ്റകൃത്യങ്ങളും സംബന്ധിച്ച കേസ്സുകൾ കൈകാര്യം ചെയ്യുന്നതിലേയ്ക്കായി

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളത്ത് പ്രത്യേക കോടതി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരത്തും കോഴിക്കോടും ആരംഭിക്കുന്നതിന് ഭരണാനുമതിയും തത്ത്വത്തിൽ അനുമതിയും നൽകിയിട്ടുണ്ട്. ടി കോടതികൾക്കായി 18 തസ്തികകൾ വീതം 2015-ൽ അനുവദിച്ച് നൽകിയിട്ടുണ്ട്. കോടതികളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് ഹൈക്കോടതി ശിപാർശ ചെയ്യുന്നമുറയ്ക്ക് സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

4. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി മഞ്ചേരി, മാനന്തവാടി, കോട്ടാരക്കര, എന്നിവിടങ്ങളിൽ പ്രത്യേക കോടതികൾ പ്രവർത്തിച്ചുവരുന്നുണ്ട്. പാലക്കാട് കോടതി ആരംഭിക്കുന്നതിനുള്ള സൗകര്യങ്ങളൊരുക്കി ഹൈക്കോടതി ശിപാർശ നൽകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

5. ഇതുകൂടാതെ വ്യവഹാരികളുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും കേസ്സുകൾ ദ്രുതഗതിയിൽ തീർപ്പാക്കുന്നതിനുമായി 13-ാം ധനകാര്യ കമ്മീഷന്റെ ധനം വിനിയോഗിച്ച് 27 താൽക്കാലിക ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികൾ ആരംഭിക്കുകയും പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ട്.

6. ഇവ കൂടാതെ എറണാകുളത്ത് തസ്തികകൾ ഉൾപ്പെടെ അഡീഷണൽ സി.ബി.ഐ. കോടതിയും ആരംഭിക്കുകയുണ്ടായി.

7. പുനലൂരിൽ സബ് കോടതി ആരംഭിക്കുന്നതിന് 14 തസ്തികകൾ ഉൾപ്പെടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

8. 2015 വർഷത്തിൽ തളിപ്പറമ്പയിൽ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ ആരംഭിച്ചിട്ടുണ്ട്.

9. 19-1-2013-ന് ബഹു. ചീഫ് ജസ്റ്റിസുമായി നടന്ന യോഗത്തിലെ തീരുമാനപ്രകാരം മജിസ്ട്രേറ്റ് കോടതികളുടെ സുഗമമായ നടത്തിപ്പിനായി 224 ക്ലാർക്ക് തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി.

(സി) കീഴ് കോടതികളുടെ പ്രവർത്തനം ഹൈക്കോടതി നിരീക്ഷിക്കുകയും കെട്ടിക്കിടക്കുന്ന കേസ്സുകൾ കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടി കൈക്കൊള്ളാറുമുണ്ട്. കേസ്സുകൾ തീർപ്പാക്കുന്നതിനായി Special list system, unit system, target fixation എന്നീ രീതി നടപ്പിലാക്കി വരുന്നുണ്ട്. കാലപ്പഴക്കം ചെന്ന കേസ്സുകൾ, മുതിർന്ന പൗരന്മാർ, വിചാരണ തടവുകാർ,

LIBRARY ARCHIVES Kerala Legislative Assembly

പാർശ്വവത്ക്കരിക്കപ്പെട്ട വിഭാഗം എന്നീ ഗണത്തിൽപ്പെടുന്ന കേസ്സുകൾ തീർപ്പാക്കുന്നതിന് മുൻഗണന നൽകാറുണ്ട്. ഇവയ്ക്ക് പുറമെ KELSA യുടെയും ഹൈക്കോടതിയുടെയും ആഭിമുഖ്യത്തിൽ അദാലത്തുകളും സംഘടിപ്പിച്ചുവരുന്നു.

കോടതിയുടെ പ്രവർത്തനം സുഗമവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി വ്യവഹാരികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും ആയതിന്റെ പുരോഗതി വിലയിരുത്തുന്നതിനും വേണ്ടി ഹൈക്കോടതി ജഡ്ജിമാരടങ്ങിയ രണ്ട് കമ്മിറ്റികൾ ഹൈക്കോടതി രൂപീകരിച്ചിട്ടുണ്ട്.

ജനങ്ങളിൽ നീതിന്യായ വ്യവസ്ഥ കൂടുതലായി എത്തിക്കുന്നതിന്റെ ഭാഗമായി 1-3-2011-ലെ സ.ഉ. (കൈ) നമ്പർ 86/2011/ആഭ്യന്തരം പ്രകാരം 30 ബ്ലോക്ക് പഞ്ചായത്തുകളിൽ ഗ്രാമന്യായാലയം സ്ഥാപിക്കാൻ ഉത്തരവായിട്ടുണ്ട്. ആയതിൽ ആദ്യത്തെ ഗ്രാമന്യായാലയം കൊല്ലം ജില്ലയിൽ ചടയമംഗലത്ത് 20-2-2016-ന് തുടങ്ങുന്നതിന് സർക്കാർ വിജ്ഞാപനമായിട്ടുണ്ട്.

എൻഡോസൾഫാൻ ദുരിതാശ്വാസം

13 (*163) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായി പ്രഖ്യാപിച്ചിരുന്നതും സ്വീകരിച്ചതുമായ നടപടികൾ അറിയിക്കുമോ; ഇതിനായി കേന്ദ്രസഹായം ആവശ്യപ്പെട്ടിരുന്നോ; എത്ര തുക ലഭിച്ചു ;

(ബി) ദുരിതബാധിതർക്ക് കീടനാശിനി നിർമ്മാതാക്കളിൽ നിന്ന് നഷ്ടപരിഹാരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; ട്രിബ്യൂണൽ രൂപീകരിച്ച് നീതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച ദുരിതാശ്വാസം അർഹരായവർക്ക് ലഭ്യമാക്കാൻ എന്തുനടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ;

(ഡി) ദുരിതബാധിതർക്ക് വിദഗ്ധ ചികിത്സ ലഭിക്കുന്നതിനുണ്ടാകുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്ത് പരിഹാരമാണ് ഉദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly